# <u>ശ്രീകൃഷ്ണജയന്തി ശോഭയാത്ര–വാഹന ഗതാഗത ക്രമീകരണം.</u>

24.08.2016 തിയ്യതി കോഴിക്കോട് നഗരത്തിൽ ശ്രീകൃഷ്ണജയന്തി ശോഭയാത്രയോടനുബന്ധിച്ചുള്ള വാഹന ഗതാഗത ക്രമീകരണത്തിന്റെ ഭാഗമായി, വൈകീട്ട് 04.00 മണി മുതൽ കോരപ്പുഴ വഴി വരുന്ന ബസ്സുകൾ വെസ്റ്റ്ഹിൽ ചുങ്കത്തു നിന്നും കാരപ്പറമ്പ് എരഞ്ഞിപ്പാലം, അരയിടത്ത്പാലം വഴി ബസ്സ് സ്റ്റാൻറിൽ പ്രവേശിക്കേണ്ടതും ബസ്സുകൾ ഒഴികെയുള്ള വലിയ വാഹനങ്ങൾ പാവങ്ങാട് നിന്നും പൂളാടിക്കുന്ന് ബൈപ്പാസ്സിൽ പ്രവേശിച്ച് സർവ്വീസ് നടത്തേണ്ടതും ആണ്. ബാലുശ്ശേരി ഭാഗത്തു നിന്നും വരുന്ന ബസ്സുകൾ എരഞ്ഞിപ്പാലം, അരയിടത്ത്പാലം വഴി ബസ്സ് സ്റ്റാൻറിൽ പ്രവേശിക്കേണ്ടതാണ്. മെഡിക്കൽ കോളേജ് ഭാഗത്തേക്ക് പോകേണ്ടതായ സിറ്റി ബസ്സുകളും ലൈൻ ബസ്സുകളും വുഡലാൻറ്, പുതിയറ, അരയിടത്ത്പാലം വഴി സർവ്വീസ് നടത്തേണ്ടതാണ്. തെക്ക് നിന്നും വരുന്ന ലൈൻ ബസ്സുകൾ മീഞ്ചന്ത, മാങ്കാവ് വഴി സിറ്റിയിലേക്ക് പ്രവേശിക്കേണ്ടതാണ്. പാളയം സ്റ്റാൻറിലേക്ക് വരുന്ന ബസ്സുകൾ അരയിടത്ത്പാലം, കല്ലുത്താൻ കടവ്, പുന്താനം വഴി നേരിട്ട് സ്റ്റാൻറിൽ പ്രവേശിക്കേണ്ടതാണ്. പുതിയാപ്പയിലേക്ക് പോകുന്ന ബസ്സുകൾ ഹെഡ് പോസ്റ്റോഫീസ് വഴി ക്രിസ്ത്യൻ കോളേജ് ജംഗഷന് ഇടതു വശത്തേക്ക് തിരിഞ്ഞ് വെള്ളയിൽ ഓവർബ്രിഡ്ജ് വഴി സർവ്വീസ് നടത്തേണ്ടതാണ്.